# CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE
**P.B. No. 71, KOTTAYAM - 686 001, KERALA, INDIA.**
Web www.cefakottayam.webnode.com E-mail: cefak2011@gmail.com

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമെ,

അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് ഒരു തുടർ പദ്ധതിയായി മുന്നോട്ടു കൊണ്ടു പോകണമെന്നാണ് മൂന്നാമത് അതിരൂപതാ അസംബ്ലി നിർദ്ദേശിച്ചിരുന്നത്. അതനുസരിച്ച് കഴിഞ്ഞ പെസഹാ വ്യാഴാഴ്ച ഈ നിയോഗത്തിൽ 32,64,774 രൂപ നമുക്ക് സമാഹരിക്കുവാൻ സാധിച്ചു എന്നതിൽ ബഹു. അച്ചന്മാർക്കും ഇടവകയിലെ എല്ലാ സുമനസ്സുകൾക്കും നന്ദി പറയുന്നു. ഈ വർഷം പുതുതായി തിരഞ്ഞെടുത്ത 180 കുട്ടികൾ ഉൾപ്പെടെ കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് നമ്മുടെ അതിരൂപതയിലെ 930 കുട്ടികൾക്ക് ശതാബ്ദി വിദ്യാഭ്യാസ ഫണ്ടിന്റെ പ്രയോജനം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഒരു കോടി പത്തു ലക്ഷം രൂപ പഠന സഹായമായി ഓരോ വർഷവും നാം വിതരണം ചെയ്യുന്നുണ്ട്. അടുത്ത വർഷവും ഇത്രയും തുക തന്നെ നൽകാമെന്ന് പ്രതീക്ഷിക്കുന്നു. ആദ്യവർഷങ്ങളിൽ സാമ്പത്തിക സഹായം ലഭിച്ച് പഠനം പൂർത്തിയാക്കിയ കുട്ടികൾ സഹായധനം തിരിച്ചടയ്ക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളത് ആശാവഹമാണ്. എന്നിരുന്നാലും തിരിച്ചടവ് പൂർണ്ണരൂപത്തിലാകുവോളം മൂലധനത്തിന്റെ ലഭ്യത നാം ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. മാത്രമല്ല മൂലധനത്തിന്റെ ലഭ്യതക്കുറവുമൂലം പരിമിതപ്പെടുത്തേണ്ടി വന്ന പഠനസഹായം, വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്ത സ്ഥിതിയിലേക്കെത്തണമെങ്കിൽ നാം ഏറെ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഈ ഫണ്ടിനെ സംബന്ധിച്ചുള്ള വിവരങ്ങൾ www.cefakottayam.webnode.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിങ്ങളുടെ സംശയങ്ങളും നിർദ്ദേശങ്ങളും cefak2011@gmail.com എന്ന ഈമെയിലിലൂടെ അറിയിക്കാവുന്നതാണ്.

പ്രാർത്ഥനയുടെയും, ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും കാലമാണല്ലോ വലിയനോമ്പ്. ഈദൃശ പ്രവർത്തനങ്ങളിലൂടെ മനസിനെ ശുദ്ധീകരിച്ച് ദൈവ-മനുഷ്യ സ്നേഹത്തിലേക്ക് നാം ആത്മീയമായി പ്രവേശിക്കുമ്പോൾ ഈശോയുടെ കാരുണ്യത്തിന്റെ മുഖം നമ്മുടെ ശൈലിയിലും പ്രവർത്തനങ്ങളിലും പ്രകാശിതമാക്കാം. സമുദായത്തിന്റെ വിദ്യാഭ്യാസ സാമ്പത്തിക "അതിർവരമ്പുകളിലുള്ളവരെ" സഹായിക്കേണ്ടത് എന്റെയും ഉത്തരവാദിത്വമാണെന്ന ബോദ്ധ്യത്തോടെ ഈ വർഷത്തെ വലിയനോമ്പിൽ ത്യാഗപൂർവ്വം ഒരു നിശ്ചിത തുക മാറ്റി വയ്ക്കുകയും പ്രസ്തുത ദശാംശം കവറിലിട്ട് പെസഹാ വ്യാഴാഴ്ച കാഴ്ചസമർപ്പണമായി നൽകുകയും ചെയ്യണമെന്ന് ഏവരേയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

മാർ ജോസഫ് പണ്ടാരശ്ശേരിൽ
ചെയർമാൻ, cefak കേന്ദ്ര കമ്മിറ്റി

Kottayam
10-2-2016

# CENTENARY EDU. FUND OF THE ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE

**P.B. No. 71, KOTTAYAM - 686 001, KERALA, INDIA.**

Web www.cefakottayam.webnode.com E-mail: cefak2011@gmail.com


ബഹു. അച്ചാ,

അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ ഫണ്ടിലേക്ക് ആ ഇടവകയിൽ നിന്നും കഴിഞ്ഞ പെസഹാ വ്യാഴാഴ്ചയോടനുബന്ധിച്ച് സമാഹരിച്ചു നല്കിയ സഹായത്തിന് നന്ദി പറയുന്നു. കൂടുതൽ മെച്ചമായ രീതിയിലുള്ള കളക്ഷൻ ഈ വർഷവും അവിടെനിന്നു പ്രതീക്ഷിക്കുന്നു. ഓരോ കുടുംബത്തിനും നല്കാനായി ഏല്പിച്ചിരിക്കുന്ന കത്തും, കവറും വീടുകളിലെത്തിച്ച് പെസഹാ വ്യാഴാഴ്ച ആളുകളിൽ നിന്ന് കവറുകൾ സ്വീകരിച്ച്, ലഭിക്കുന്ന തുക ഏപ്രിൽ 10-ാം തീയതിക്കു മുൻപായി അരമനയിൽഏല്പിക്കുമല്ലോ. അവിടെ ഈ ഫണ്ടിൽ നിന്ന് വായ്പ സ്വീകരിച്ച് പഠനം പൂർത്തിയായ കുട്ടികളുടെ മാതാപിതാക്കളെ പ്രസ്തുതകാര്യം ഓർമ്മപ്പെടുത്തി, പണം തിരിച്ചടയ്ക്കാനുള്ള ക്രമീകരണം ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു. ബഹു. അച്ചന്റെ സഹകരണത്തിന് നന്ദിപറഞ്ഞുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

മാർ ജോസഫ് പണ്ടാരശ്ശേരിൽ
ചെയർമാൻ, CEFAK കേന്ദ്രകമ്മറ്റി

Kottayam
10-2-2016